ഉത്തരം

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 2011-12 സാമ്പത്തിക വർഷം 90 ദിവസം തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുത്ത 104549 കുടുംബങ്ങളിലെ സ്ത്രീ തൊഴിലാളികൾക്ക് കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യത്തിനായി 1,000 രൂപാ വീതം ധനസഹായം നൽകി. ഇതിലേക്കായി 10.46 കോടി രൂപ സർക്കാർ അനുവദിച്ചിരുന്നു. 2012-13 സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസം ജോലിചെയ്ത സ്ത്രീ തൊഴിലാളികൾക്ക് ഓണത്തോടനുബന്ധിച്ച് 400 രൂപയിൽ അധികരിക്കാത്ത തുകയുള്ള ഓണക്കോടി വിതരണം ചെയ്യ. ഇതിലേക്കായി 13,61,24800 രൂപ സർക്കാർ അനുവദിച്ചു

(ഡി) വിവരം ശേഖരിച്ചു വരുന്നു.

തൊഴിലുറപ്പ് പദ്ധതി

23 (1419) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പ് പദ്ധതിപ്രകാരം 2014-15 സാമ്പത്തിക വർഷം എത്ര കോടി രൂപ ചെലവഴിച്ചുവെന്നുള്ള വിവരം നൽകുമോ ;

(ബി) പുതിയതായി ഏതെല്ലാം മേഖലകളെയാണ് ടി വർഷം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ക്ഷീരകർഷകരെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ വിശദാംശം നൽകുമോ ;

(ഡി) തൊഴിലുറപ്പ് പദ്ധതി കൂലിയിനത്തിൽ കുടിശ്ശിക നൽകാനുണ്ടോ ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2014-15 സാമ്പത്തിക വർഷം 135223.06 ലക്ഷം രൂപ (9-3-2015 വരെ) ചെലവഴിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ക്ഷീരകർഷകരുടെ മൃഗപരിപാലനവുമായി ബന്ധപ്പെട്ട ദൈനംദിന പ്രവൃത്തികൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സംസ്ഥാനം നിരവധി തവണ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. (അനുകൂലമായ മറുപടി നാളിതുവരെ ലഭ്യമായിട്ടില്ല)

(ഡി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly